(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 2001-02 -ൽ 395.03 കോടി രൂപയും 2002-03-ൽ 606.19 കോടി രൂപയും റോഡ് വികസനത്തിനായി (റിപ്പയർ പണികൾ ഉൾപ്പെടെ) നീക്കിവച്ചിരുന്നു. ദേശീയപാതാ വിഭാഗത്തിൽ 2001-02-ൽ 15.02 കോടിരൂപയും 2002-03-ൽ 23.61 കോടി രൂപയും നീക്കിവച്ചിരുന്നു.

പുനലൂർ-പൊൻകുന്നം-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേ

56(4335) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ-പൊൻകുന്നം-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേ ലോകബാങ്ക് സഹായത്തോടുകൂടി പുനരുദ്ധരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ലോകബാങ്കിൽ നിന്നും ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുമ്പോൾ എത്ര മീറ്റർ വീതിയാണ് റോഡിലുണ്ടാവുകയെന്നും നിലവിൽ വീതി എത്ര മീറ്ററാണ് ഉള്ളതെന്നും വ്യക്തമാക്കാമോ ;

(ഇ) നിലവിലുള്ള റോഡ് വീതി കൂട്ടുമ്പോൾ കെട്ടിടങ്ങൾക്കും സ്ഥലമുടമകൾക്കും ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 263 കോടി രൂപ.

(സി) പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(ഡി) ശരാശരി 8 മീറ്റർ വീതിയുള്ള ഈ റോഡ് പുതുക്കിപ്പണിയുമ്പോൾ ക്യാരേജ്‌വേയും, ഷോൾഡേഴ്സും, രണ്ട് വശത്തും ഓടകൾ, നടപ്പാത എന്നിവയുമുൾപ്പെടെ 15 മീറ്റർ വീതി ഉണ്ടാകും.

(ഇ) പദ്ധതിയ്ക്കുവേണ്ടി സ്ഥലം നൽകുന്നവർക്ക് പൊന്നുംവിലയ്ക്ക് പുറമെ പ്രത്യേക ധനസഹായമായി പുനരധിവാസത്തിനുള്ള ചെലവ്, പുനഃസ്ഥാപനമൂല്യം (Replacement Value) മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവ് (Shifting Charge) ഇടക്കാലവാസത്തിന് വാടക, ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നവർക്ക് ഇടക്കാലാശ്വാസം തുടങ്ങിയവ നൽകുന്നതിന് പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly